# PREFACE

*The* **'FOCUS'** *is published by the Kerala Legislature Secretariat for the use of the members of the Kerala Legislative Assembly. It is a digest containing articles and excerpts from books on subjects of current intellectual, political, social and cultural interest, news, reports of the commissions and committees and reviews of books. The views expressed therein are those of the authors and do not necessarily reflect the views of the Kerala Legislature Secretariat.*

*Materials reproduced from other sources may not be republished in any form. Inquiries regarding permission for publication may be addressed directly to the sources cited.*

`

***V.K. BABU PRAKASH,***
***SECRETARY,***
***KERALA LEGISLATIVE ASSEMBLY.***

# CONTENTS

VOL. XLVIII | May 2018 | No. 05


| | ARTICLES | *page* |
|---|---|---|
| ഷാമിക രവി | ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി [യോജന, മേയ്, 2018] | 1-8 |
| കെ.സഹദേവൻ | അശാന്തമാകുന്ന ദളിതിന്ത്യ [മാതൃഭൂമി ആഴ്ചപ്പതിപ്പ്, 20-25 മേയ്, 2018] | 9-25 |
| Vandana | Hope Needs Help [The Week, 6 May, 2018] | 26-30 |
| Manju S.V. | Demographic Devidend or Demographic Onus A Study on Employability of Youth With references to Kerala [Southern Economist, 15 May, 2018] | 31-42 |
| | **BOOK REVIEW** | |
| Neera Chandhoke | Liberalism on the brink ‘The People vs. Democracy : Why Our Freedom Is In Danger and How to Save It’ written by P.Mary Vidya Porselvi [The Hindu, May 27, 2018 ] | 43-45 |
| | **LEGISLATIVE BUSINESS** | |
| | Resume of Business - 14th Session of the 16th Lok Sabha | 46-60 |

FOCUS



# ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിനായി

**ഷാമിക രവി**

കഴിഞ്ഞ രണ്ട് ദശാബ്ദത്തിനിടയ്ക്ക് സാമ്പത്തികവും സാമൂഹികവുമായ വലിയ നേട്ടങ്ങൾ ഇന്ത്യക്ക് കൈവരിക്കാനായെങ്കിലും 'അമ്മയുടേയും കുഞ്ഞിന്റേയും പോഷകാഹാരക്കുറവ് 'എന്ന വെല്ലുവിളി ദേശീയ ആരോഗ്യ ദൗത്യത്തിന് ആശങ്കയായി അവശേഷിക്കുന്നു. അതിനാൽ ഈ പ്രശ്നം പരിഹരിക്കുക എന്നത് നിലവിലെ ഗവൺമെന്റിന്റെ മുൻഗണനാ നയമായി നിലനിൽക്കുന്നു. 40 ദശലക്ഷത്തിലേറെ വളർച്ച മുരടിച്ചതും, 17 ദശലക്ഷത്തോളം തൂക്കക്കുറവുള്ളതുമായ (അഞ്ചു വയസ്സിൽ താഴെപ്രായമുള്ളവർ) കുട്ടികളുടെ വീടാണ് ഇന്ത്യ. കഴിഞ്ഞ 10 വർഷത്തിനിടെ പോഷകാഹാരസംബന്ധിയായ വിവിധ അളവുകളിൽ മെച്ചപ്പെട്ട പുരോഗതിയുണ്ടായിട്ടും നമ്മുടെ രാജ്യത്തെ കുഞ്ഞുങ്ങളുടെ പോഷകാഹാരക്കുറവിന്റെ നിരക്ക് ലോകത്തിൽ ഏറ്റവും കൂടുതലായി നിലനിൽക്കുന്നു. ഈ അസമത്വം വ്യക്തമാക്കുന്നത് സംസ്ഥാനങ്ങൾക്കിടയിലെ തികഞ്ഞ വൈജാത്യങ്ങളാണ്. ഇന്ത്യയിലെ കുട്ടികളുടേയും അമ്മമാരുടേയും പോഷകാഹാര സ്ഥിതിയിൽ മെച്ചപ്പെടുത്തലുകൾ വരുത്തുന്നതിനായി മാനവ വിഭവങ്ങളിൽ വലിയ തോതിൽ നിക്ഷേപവും പ്രാദേശിക തലങ്ങളിൽ നിർണായകമായ ആരോഗ്യ നിക്ഷേപങ്ങളും ആവശ്യമാണ്.

ഈ ദിശയിൽ വളരെ പ്രാധാന്യമുള്ള വികസന മുന്നേറ്റമാണ് ദേശീയ പോഷകാഹാര ദൗത്യ (എൻ.എൻ.എം) ത്തിന്റെ പ്രഖ്യാപനം. ഇതിലൂടെ വിവിധ കേന്ദ്ര-സംസ്ഥാന ഗവൺമെന്റ് പദ്ധതികൾ ഏകോപിപ്പിക്കാനും അധിക സാമ്പത്തിക വിഭവങ്ങൾ അനുവദിക്കാനുമായി വിപുലമായ സാമ്പത്തിക വിഭവങ്ങളുള്ള ഒരു കേന്ദ്ര നോഡൽ ഏജൻസിയെ നിയോഗിച്ചിട്ടുണ്ട്. ഇത് ഇന്ത്യയിലെ പോഷകാഹാരക്കുറവ് നേരിടുന്നതിനുള്ള നയപരിഷ്ക്കാരങ്ങൾക്ക് പ്രചോദനം നൽകുന്നു.

നയ നിർമ്മാതാക്കൾ രണ്ട് പ്രധാന വസ്തുതകളെ കണക്കിലെടുക്കണം. (1) നേരിട്ടുള്ള പോഷകാഹാര ഇടപെടലുകൾ 20 ശതമാനം വളർച്ചാ മുരടിക്കൽ



മാത്രമേ കുറയ്ക്കുകയുള്ളൂ; അതേ സമയം പരോക്ഷമായ ഇടപെടലുകൾ (ഉദാഹരണത്തിന്, വെള്ളവും ശുചിത്വവും ലഭ്യമാക്കുക) ബാക്കി 80 ശതമാനവും കൈകാര്യം ചെയ്യും. (2) 50 ശതമാനത്തോളം രണ്ടു വയസുവരെയുള്ള കുഞ്ഞുങ്ങളിലെ വളർച്ചാ തകരാറുകൾക്ക് കാരണം ഗർഭാവസ്ഥയിൽ അമ്മയ്ക്കുണ്ടായിരുന്ന പോഷകാഹാരക്കുറവാണ്. ഗർഭധാരണം മുതൽ ഒരു കുഞ്ഞിന്റെ ആദ്യത്തെ 1000 ദിവസങ്ങളിലുണ്ടാകുന്ന പോഷകക്കുറവ് ആ കുഞ്ഞിന്റെ പിൽക്കാല ജീവിതത്തിലെ ബോധന പ്രവർത്തനങ്ങളിൽ നികത്താനാവാത്ത തകരാറുകൾ ഉണ്ടാക്കും. അതിനാൽ ഗർഭധാരണം മുതൽ കുഞ്ഞിന് രണ്ട് വയസ് തികയും വരെയുള്ള നിർണായകമായ ഈ ഘട്ടത്തിലാണ് പോകഷകാഹാരം സംബന്ധിച്ചുള്ള പ്രധാന നയനിർമ്മാണങ്ങൾ ആവശ്യമുള്ളത്.

**പോഷകാഹാരം ഉറപ്പാക്കൽ**

**(കുഞ്ഞിന്റെ ജീവിതത്തിലെ ആദ്യത്തെ 1000 ദിവസങ്ങളിൽ പ്രസക്തമായത്)**

| ടാർജറ്റ് ഗ്രൂപ്പ് | പദ്ധതികൾ | പ്രധാന ഇടപെടലുകൾ |
|---|---|---|
| ഗർഭിണികളും മുലയൂട്ടുന്ന അമ്മമാരും | ഐ.സി.ഡി.എസ് | പോഷകാഹാരം, ഭക്ഷണം, വിശ്രമം, എന്നിവ ഉറപ്പാക്കുന്നു. മുലയൂട്ടൽ, ആരോഗ്യം, പോഷകാഹാര വിദ്യാഭ്യാസം എന്നിവ സംബന്ധിച്ച് കൗൺസിലിംഗ് നടത്തുന്നു |
| | ഇന്ദിരാഗാന്ധി, മാതൃത്വ സഹയോഗ് യോജന (ഐ. ജി. എം. എസ്.വൈ) | നിബന്ധനകൾക്ക് വിധേയമായ പ്രസവാനന്തര ആനുകൂല്യം |



| (1) | (2) | (3) |
|---|---|---|
| | പ്രത്യുൽപ്പാദന ശിശു ആരോഗ്യം(ആർ.സി.എച്ച് - II), ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം(എൻ.ആർ.എച്ച്.എം), ജനനി സുരക്ഷ യോജന (ജെ.എസ്.വൈ) | ഗർഭസ്ഥ ശിശു സംരക്ഷണം, ഇരുമ്പ് ധാതു സപ്ലിമെന്റേഷൻ, രോഗപ്രതിരോധം, പ്രസവത്തിനായി ആശുപത്രിയിലെത്താനുള്ള ഗതാഗതസൗകര്യമൊരുക്കൽ, ആശുപത്രിയിലുള്ള പ്രസവം, ധനസഹായം, പ്രസവ ശുശ്രൂഷ, മുലയൂട്ടൽ, അടുത്ത കുട്ടിയുടെ ജനനത്തിനു പാലിക്കേണ്ട സമയ ദൈർഘ്യം തുടങ്ങിയ വിഷയങ്ങളിൽ കൗൺസിലിംഗ് ഏർപ്പെടുത്തുന്നു. |
| കുട്ടികൾ (0–3 വയസ്) | ഐ.സി.ഡി.എസ് | അനുബന്ധ പോഷകാഹാരം, വളർച്ചാ നിരീക്ഷണം, ശിശുസംരക്ഷണത്തെപ്പറ്റി അമ്മമാർക്ക് ആരോഗ്യ വിദ്യാഭ്യാസ കൗൺസിലിംഗ്, നവജാത ശിശുക്കളേയും ചെറിയ കുട്ടികളേയും മുലയൂട്ടുന്നത് പ്രോത്സാഹിപ്പിക്കൽ, പോഷകാഹാരക്കുറവുള്ളതും അസുഖ ബാധിതരുമായ കുട്ടികളുടെ പരിപാലനം തുടങ്ങിയവ കൈകാര്യം ചെയ്യുന്നു. |
| | ആ.ർ.സി.എച്ച്.-II, എൻ.ആർ.എച്ച്.എം | വീട് അടിസ്ഥാനമാക്കിയുള്ള നവജാത ശിശു പരിചരണം, രോഗപ്രതിരോധം, മൈക്രോ ന്യൂട്രിയന്റ് സപ്ലിമെന്റേഷൻ, വിരയിളക്കൽ, ആരോഗ്യ പരിശോധന, ശൈശവ രോഗവും കഠിനമായ പോഷകക്കുറവും നിയന്ത്രിക്കൽ, കുഞ്ഞിന്റെ ആദ്യ മാസത്തിൽ പണം വാങ്ങാതെയുള്ള ചികിത്സ, ഗുരുതരമായ പോഷകാഹാരക്കുറവുള്ളവരുടെ പരിരക്ഷ തുടങ്ങിയവ നിർവ്വഹിക്കുന്നു. |
| | രാജീവ് ഗാന്ധി നാഷണൽ ക്രഷ് സ്കീം | ജോലി ചെയ്യുന്ന അമ്മമാരുടെ കുട്ടികളുടെ സംരക്ഷണത്തിനായി പിന്തുണ നൽകുന്നു. |



**പ്രധാന പോഷകാഹാര അളവുകൾ**

ഇന്ത്യയിലെ പോഷാകാഹാരക്കുറവിന്റെ സൂചകങ്ങൾ ഇപ്പോഴും ലോകത്തിലെ ഏറ്റവും വലുതായി തുടരുകയാണ്. പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളിലാണ് പോഷകാഹാരക്കുറവ് കൂടുതൽ എന്നതും എടുത്തു പറയേണ്ടതാണ്.

കഴിഞ്ഞ രണ്ട് വർഷത്തിനിടെ ആരോഗ്യത്തിന് പ്രാധാന്യം കൊടുത്തു കൊണ്ടുള്ള പ്രധാന കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ബഡ്ജറ്റിൽ വെട്ടിച്ചുരുക്കലുകൾ ഉണ്ടാകുന്നതായി കാണുന്നു. സംയോജിത ശിശു വികസന സേവന പദ്ധതി (ഐ.സി.ഡി.എസ്)ക്ക് നൽകി വരുന്ന കേന്ദ്ര വിഹിതം 15,502 കോടി (2015-16 സാമ്പത്തിക വർഷം) യിൽ നിന്നും 14,000 കോടി (2016-17 സാമ്പത്തിക വർഷം) യായി ഏകദേശം 10 ശതമാനത്തോളം കുറഞ്ഞു. അംഗനവാടി കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതാണ്. കൂടാതെ അംഗനവാടി ജീവനക്കാർ ടാർജറ്റ് ഗ്രൂപ്പുകളെ നിരീക്ഷിക്കുകയും അവർക്ക് അനുബന്ധ പോഷകാഹാരം ലഭ്യമാക്കാൻ സഹായിക്കുകയും ചെയ്യണം. പരിപൂർണമായ ഒരു പൊതു ഇടപെടലാണ് ഉച്ചഭക്ഷണ പരിപാടിയുടെ ഭാഗമായി നടത്തുന്ന സ്കൂൾ ഭക്ഷണ വിതരണം.സ്കൂൾ ഭക്ഷണത്തിന്റെ വ്യവസ്ഥയും മെച്ചപ്പെട്ട അവബോധവും തമ്മിലുള്ള ബന്ധം ഫീൽഡ്സ്റ്റഡികൾ വ്യക്തമാക്കുന്നു. കൂടാതെ, കുട്ടികളിൽ മികച്ച പഠന ഫലങ്ങൾ ഉണ്ടാക്കാൻ സ്കൂളിലെ സൗജന്യ ഭക്ഷണ വിതരണം സഹായിക്കുന്നുണ്ടെന്നും കണ്ടെത്തിയിട്ടുണ്ട്.

**നിലവിലുള്ള നയ ചട്ടക്കൂട്**

വനിതാ ശിശുക്ഷേമ മന്ത്രാലയത്തിന്റെ നേതൃത്വത്തിലുള്ള ഐ.സി.ഡി.എസ് പദ്ധതി, ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം എന്നിവയാണ് ഗവൺമെന്റിന്റെ ഏറ്റവും പ്രധാന പ്പെട്ട പോഷകാഹാര ദൗത്യങ്ങൾ. ഈ രണ്ട് കോന്ദ്രാവിഷ്കൃത പദ്ധതികളും സാമൂഹിക തലത്തിലുള്ള സംഘടനകളായ-ഐ.സി.ഡി.എസിന് കീഴിലുള്ള



അംഗനവാടി ജീവനക്കാരേയും എൻ.ആർ.എച്ച്.എമ്മിന് കീഴിലുള്ള ആശ (അക്രഡിറ്റഡ് സോഷ്യൽ ഹെൽത്ത് ആക്ടിവിസ്റ്റ്) പ്രവർത്തകരേയും പങ്കെടുപ്പിച്ചു കൊണ്ടാണ് നടപ്പാക്കുക. ഇവർ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മാർക്കും ശിശുക്കൾക്കും ആവശ്യമായ പോഷകാഹാരം ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നു.

ഈ പദ്ധതികൾ പൊതുവിതരണ സംവിധാനത്തിന്റെ അനുബന്ധമാണ്. രാജ്യത്തെ പാവപ്പെട്ട വലിയൊരു വിഭാഗത്തിന് സബ്സിഡിയുള്ള ഭക്ഷ്യ ധാന്യങ്ങൾ നൽകാനാണ് ഇത് ഉപയോഗിക്കുന്നത്. കൂടാതെ, മഹാരാഷ്ട്ര, മധ്യപ്രദേശ്, ഉത്തർപ്രദേശ്, ഒഡീഷ, ഗുജറാത്ത്, കർണാടക എന്നിവ ഉൾപ്പെടെയുള്ള ആറിലധികം സംസ്ഥാനങ്ങളും, ഏറ്റവും അടുത്തിടെ ജാർഖണ്ഡും, സംസ്ഥാന പോഷകാഹാര ദൗത്യങ്ങൾ ആരംഭിച്ചു. ഒരു കുട്ടിയുടെ ജീവിത്തിലെ ആദ്യത്തെ 1000 ദിവസങ്ങളിൽ നേരിട്ട് നടത്തുന്ന ചില ഇടപെടലുകളുടെ അവലോകനം പട്ടികയിൽ നൽകിയിട്ടുണ്ട്.

ദേശീയ പോഷകാഹാര മിഷൻ 9046.17 കോടി രൂപയുടെ മൂന്ന് വർഷത്തെ ബഡ്ജറ്റിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് 2017-18ൽ ആരംഭിച്ചു. പോഷകാഹാരക്കുറവിനെ ശരിയായ വിധത്തിൽ അഭിസംബോധന ചെയ്യുക, വിവര സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ തൽസമയ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുക, ടാർജറ്റുകൾ പൂർത്തിയാക്കുന്ന സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും ഇൻസെന്റീവ് നൽകുക, വിവര സാങ്കേതികവിദ്യാ ഉപകരണങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്ന അംഗൻവാടി ജീവനക്കാർക്ക് പ്രോത്സാഹനം നൽകുക, അംഗനവാടി കേന്ദ്രങ്ങളിൽ കുഞ്ഞുങ്ങളുടെ ഉയരം അളക്കാനുള്ള സംവിധാനം ആരംഭിക്കുക സോഷ്യൽ ഓഡിറ്റുകൾ നടത്തുക, ന്യൂട്രീഷൻ റിസോഴ്സ് സെന്ററുകൾ ആരംഭിക്കുക, ജൻ ആന്തോളനിലൂടെ ജനങ്ങളെ പോഷകാഹാര സംബന്ധിയായ വിവിധ പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കൽ തുടങ്ങിയവയാണ് എൻ.എൻ.എമ്മിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. കേന്ദ്ര സംസ്ഥാന ഗവൺമെന്റ് പദ്ധതികൾ ഏകോപിപ്പിക്കാനും അവയ്ക്ക് അധിക ഫണ്ടുകൾ/വിഭവങ്ങൾ നൽകാനുമുള്ള ഒരു കേന്ദ്ര നോഡൽ ഏജൻസിയായിരിക്കും ഇത്.



**1. ഐ.സി.ഡി.എസ് ദൃഢപ്പെടുത്തുകയും പുനർനിർമ്മിക്കുകയും ചെയ്യുക; പൊതുവിതരണ സംവിധാനം പരമാവധി ഉപയോഗപ്പെടുത്തുക:**

കേന്ദ്ര ഗവൺമെന്റിൽ നിന്നും ബന്ധപ്പെട്ട അധികൃതരിൽ നിന്നും ആവശ്യമായ സാമ്പത്തിക വിഭവങ്ങളുടെ അനുമതി നേടിയ ഐ.സി.ഡി.എസ്. ഒരു മിഷൻ മോഡിലേക്ക് മാറേണ്ടതുണ്ട്. ഭക്ഷണത്തിലെ പോഷക ഘടകത്തിന്റെ നിലവാരം ഉയർത്തിയും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും വിദ്യാഭ്യാസം നൽകുന്നതിന് മുൻഗണന നൽകിയും മികച്ച അടിസ്ഥാന സൗകര്യ വ്യവസ്ഥകൾ നൽകിയും അംഗനവാടി ജീവനക്കാർക്ക് പരിശീലനം നൽകിയും ഐ.സി.ഡി.എസിന്റെ പ്രവർത്തനവും ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഗുണഫലങ്ങളും  എല്ലാവരിലും എത്തിക്കാൻ കഴിയും.

**2. അവശ്യ പോഷകങ്ങൾ ചേർന്ന ഭക്ഷണത്തിന്റെ പരിധി വർദ്ധിപ്പിക്കുക:**

നിലവിൽ ഭക്ഷണത്തിൽ അവശ്യ പോഷകങ്ങൾ ചേർക്കുന്നതിൽ അയോഡിൻ ചേർന്ന ഉപ്പ് മാത്രമേ നർബന്ധമാക്കിയിട്ടുള്ളു. എന്നാൽ ഫുഡ് സേഫ്റ്റി ആന്റ്  സ്റ്റാന്റേഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ ഭക്ഷ്യധാന്യങ്ങൾ, അവശ്യ പോഷക മൂല്യങ്ങൾ പരമാവധി ചേർത്ത് പുറത്തിറക്കാനുള്ള ശ്രമത്തിലാണിപ്പോൾ. ഉപ്പിൽ ഇരട്ട പോഷകങ്ങൾ (അയഡിനും ഇരുമ്പും) ചേർക്കുന്നതും ഭക്ഷ്യ എണ്ണയിൽ അവശ്യ പോഷകങ്ങൾ ചേർക്കുന്നതും നിർബന്ധമാക്കാനുള്ള നിർദ്ദേശങ്ങളും പരിഗണനയിലാണ്. പാകം ചെയ്ത ചൂടുള്ള ഭക്ഷണത്തിന്റെ നിലവാരവും മെച്ചപ്പെടുത്തും. ഇതിലൂടെ അഞ്ച്  വയസിൽ താഴെയുള്ള ധാരാളം കുട്ടികൾക്ക് ആവശ്യത്തിന് കലോറിയും മൈക്രോ ന്യൂട്രിയൻസുകളും ലഭ്യമാക്കാനാവും.

**3. ഒന്നിലധികം ഘടകങ്ങൾ ലക്ഷ്യം വയ്ക്കുക, ഉദാഹരണത്തിന് ശുചിയാക്കൽ (വാട്ടർ, സാനിറ്റേഷൻ ആന്റ് ഹൈജീൻ) :**

നിലവിലെ ഗവൺമെന്റ് 2014 മുതൽ **സ്വച്ഛ് ഭാരത് അഭിയാന്** കീഴിൽ രാജ്യത്താകമാനം ശൗചാലയങ്ങളുടെ ലഭ്യത ഉയർത്തിയത് ഇക്കാര്യത്തിലെ ശ്രദ്ധേയമായ നടപടിയാണ്.



**4. കാർഷിക നയങ്ങൾ ദേശീയ പോഷകാഹാര ഉദ്ദേശ്യങ്ങളുമായി യോജിപ്പിക്കുക:**

കാർഷിക നയങ്ങളും പോഷക നയങ്ങളും തമ്മിൽ യോജിപ്പുണ്ടായിരിക്കണം. സ്വന്തം ഉപഭോഗത്തിനായി പോഷക സമൃദ്ധമായ പ്രാദേശിക വിളകൾ ഉൽപ്പാദിപ്പിക്കുന്നവർക്ക് ഇൻസെന്റീവുകൾ നൽകി പ്രോത്സാഹിപ്പിക്കണം. കാർഷിക ഇൻസെന്റീവുകൾ നൽകുന്ന കാര്യത്തിൽ നിലവിലുള്ള പരാതികൾക്ക് ഉചിതമായ പരിഹാരം കാണുകയും പരുത്തി, കരിമ്പ് പോലെ അധികം പോഷക ഗുണമില്ലാത്ത നാണ്യ വിളകളുടെ കൃഷി അമിതമായി പ്രോത്സാഹിപ്പിക്കാതിരിക്കുകയും ചെയ്യണം. വനജാത ശിശുക്കൾക്കും ചെറിയ കുട്ടികൾക്കും ഗുണമേൻമയുള്ള, സുരക്ഷിതമായ ഭക്ഷണം നൽകുന്നതിന് കാർഷിക നയത്തിൽ മുഖ്യ പരിഗണന നൽകണം.

**5. പോഷകാഹാരം ലഭ്യമാക്കുന്നതിൽ സ്വകാര്യ മേഖലയുടെ ഇടപെടൽ വർദ്ധിപ്പിക്കുക:**

അമ്മമാർക്കും ശിശുക്കൾക്കും പോഷകമൂല്യമുള്ള ഭക്ഷണം വിതരണം ചെയ്യാനും, ഭക്ഷണത്തിൽ യഥേഷ്ടം പോഷകങ്ങൾ ചേർക്കാനുള്ള ഇടപെടലുകൾ മെച്ചപ്പെടുത്താനും പൊതു സ്വകാര്യ പങ്കാളിത്തത്തിലൂടെ കഴിയും. ഭക്ഷണത്തിൽ പോഷകങ്ങൾ ചേർക്കാൻ ആവശ്യമായ സാങ്കേതിക വിദ്യാ പരിഹാര മാർഗങ്ങൾ സുഗമമാക്കുകയും ഗവൺമെന്റിന്റെ ശ്രമങ്ങളെപ്പറ്റി ജനങ്ങൾക്ക് അവബോധം നൽകുകയും ചെയ്യണം.

**ഉപസംഹാരം**

ആരോഗ്യമുള്ള ജനങ്ങൾ സുസ്ഥിര വികസനത്തിനുള്ള മുൻകരുതലാണ്. ഗവൺമെന്റിന്റെ എണ്ണമറ്റ പദ്ധതികളുടെ വിജയം പരിശീലനം ലഭിച്ച തൊഴിൽ ശക്തികളുടെ ലഭ്യതയെ ആശ്രയിച്ചിരിക്കും. ലോകത്തിൽ ദുർബലരായ കുട്ടികളുടെ എണ്ണം ഏറ്റവുമുള്ളത് ഇന്ത്യയിലാണ്. 2010-ലെ കണക്കുകൾ പ്രകാരം അഞ്ച് വയസിന് താഴെയുള്ള രാജ്യത്തെ 121 ദശലക്ഷം കുട്ടികളിൽ 52 ശതമാനം പേരും ആരോഗ്യപരമായി അപകടസാധ്യതയുള്ളവരാണ്. പോഷകാഹാരത്തിന് പ്രാധാന്യം നൽകുന്ന സംയോജിത ആരോഗ്യ അജണ്ടയിലൂടെയും



ഒരു കുട്ടിയുടെ ജീവിതത്തിലെ നിർണായകമായ ആദ്യ 1000 ദിവസങ്ങളിൽ പോഷകാഹാരം ഉറപ്പാക്കുന്ന നടപടിയിലൂടെയും ദേശീയ ആരോഗ്യദൗത്യം പുരോഗതിയുടെ പാതയിലാണെന്ന് പറയാനാവും. രാജ്യത്തെ കുട്ടികളുടെയും അമ്മമാരുടെയും പോഷകാഹാരക്കുറവ് പരിഹരിക്കാൻ ദേശീയ പോഷകാ ഹാരദൗത്യം ലക്ഷ്യമിടുന്നു. പോഷകാഹാര ലക്ഷ്യങ്ങൾ ഫലപ്രദമായി കൈവരി ക്കാനാകുന്നുവെന്ന് നാം ഉറപ്പാക്കേണ്ടതുണ്ട്.

**യോജന,**
**മേയ് 2018**.

FOCUS



## അശാന്തമാകുന്ന ദളിതിന്ത്യ

**കെ. സഹദേവൻ**

ഏപ്രിൽ രണ്ടിന് ദളിത്-ആദിവാസി സംഘടനകൾ ആഹ്വാനം ചെയ്ത ഭാരതബന്ദ് ദിനത്തിലും തുടർന്ന് ഏപ്രിൽ 14-ന് അംബേദ്ക്കർ ജയന്തി ദിനം വരെയുള്ള ദിവസങ്ങളിലും കിഴക്കൻ ഇന്ത്യയിലെ ഏതാനും സംസ്ഥാനങ്ങളിലൂടെ യാത്ര ചെയ്യാനുള്ള അവസരം ലഭിക്കുകയുണ്ടായി. ഒഡീഷ, പശ്ചിമബംഗാൾ, ജാർഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങളിലെ ഗ്രാമീണ മേഖലയിൽ ദളിത്-ആദിവാസി വിഭാഗങ്ങൾക്കിടയിൽ പുതുതായി ഉയർന്നു വന്ന ആത്മബോധത്തിന്റേയും അനീതിയോട് സന്ധി ചെയ്യാൻ തയ്യാറല്ലെന്നുള്ള പ്രഖ്യാപനത്തിന്റെയും പ്രത്യക്ഷ സ്ഫുലിംഗങ്ങൾ ഈ ദിവസങ്ങളിൽ നേരിട്ട് മനസ്സിലാക്കാൻ സാധിച്ചു. മുൻകാലങ്ങളിൽ പ്രത്യേകിച്ച് സംഘടനാ സംവിധാനങ്ങളൊന്നും തന്നെയില്ലാതെ തങ്ങളുടെ വിധിയെ പഴിച്ചു കഴിഞ്ഞിരുന്ന ഒരു ജനത അതിശക്തമായൊരു തിരിച്ചടിയ്ക്ക് തയ്യാറായതു പോലയായിരുന്നു ആ കാഴ്ച. വിദൂര ഗ്രാമങ്ങളിലെ ചെറുചെറു നാൽക്കവലകളിൽ പോലും വഴി തടയലും പ്രതിഷേധ മുദ്രാവാക്യങ്ങളും മറ്റുമായി ആളുകൾ തടിച്ചു കൂടുന്നത് കാണാൻ കഴിഞ്ഞു. യു.പി യിലെയും മധ്യപ്രദേശിലെയും ബീഹാറിലെയും വൻ നഗരങ്ങളിൽ ആയിരങ്ങളുടെ കൂടിച്ചേരലുകളായിരുന്നെങ്കിൽ ആരാലും ശ്രദ്ധിക്കപ്പെടാത്ത ഗ്രാമീണ മേഖലകളിൽ അമ്പതും അറുപതും ആളുകളുടെ കൂട്ടങ്ങൾ ചേർന്നായിരുന്നു ബന്ദ് നടത്തിയത്. ആരാണ് ബന്ദിന് ആഹ്വാനം ചെയ്തതെന്ന് ആർക്കും തന്നെ അറിവുണ്ടായിരുന്നില്ല. ഓരോ കൂട്ടരും അവരവരുടെ മനോധർമ്മമനുസിച്ച് അവരവർക്ക് ഇഷ്ടമുള്ള നേതാക്കൻമാർക്ക് അതിന്റെ ക്രെഡിറ്റ് നൽകുകയായിരുന്നു. ബന്ദിനെത്തുടർന്നു വന്ന അംബേദ്ക്കർ ജയന്തി ദിനത്തിലും പതിവില്ലാത്ത രീതിയിൽ ഗ്രാമങ്ങളിലെ നാൽക്കവലകളിൽ ബാബാ സാഹേബിന്റെ ഫോട്ടോയിൽ മാല ചാർത്തി വിളക്ക് കൊളുത്തി വെച്ചിട്ടുണ്ടായിരുന്നു. പായസ വിതരണം, അംബേദ്ക്കർ പ്രതിമയിൽ പാലഭിഷേകം, ചെറുപ്പക്കാരുടെ നേതൃത്വത്തിൽ മോട്ടോർ സൈക്കിൾ റാലി



തുടങ്ങി വിവിധങ്ങളായ പരിപാടികളോടെ പതിവിലും വ്യത്യസ്തമായി കൂടുതൽ ഊർജ്ജസ്വലമായി ആഘോഷിക്കുന്നതും കാണാൻ കഴിഞ്ഞു. സംഘപരിവാർ നേതൃത്വം കാവി പുതപ്പിക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുന്ന അബേദ്ക്കറിനെ തങ്ങളുടെ അടിസ്ഥാനവർണമായ നിലയിൽ നിലനിറുത്താൻ അല്പം വികാര പരമായിത്തന്നെ ദളിതർ ശ്രമിച്ചു കൊണ്ടിരിക്കുന്ന കാഴ്ചയും രാജ്യത്ത് പലയിടങ്ങളിൽ കാണാൻ സാധിച്ചു. ഗാന്ധിയെയും ഭഗത്സിംഗിനെയും പോലുള്ള നിരവധി ദേശീയ വ്യക്തിത്വങ്ങളെ യാതൊരു എതിർപ്പുകളും കൂടാതെ തങ്ങളുടെ ഐക്കണുകളാക്കാൻ സാധിച്ച സംഘപരിവാറിന് പക്ഷെ, അംബേദ്കറുടെയും പെരിയോറുടെയും മേൽ കൈവെച്ചപ്പോൾ അപ്രതീക്ഷിതമായ തിരിച്ചടിയാണ് കിട്ടിയത്. ബറോഡയിലും അഹമ്മദാബാദിലും മീററ്റിലും ലഖ്നൗവിലും പട്നയിലും ഒക്കെ അംബേദ്കർ പ്രതിമയെ ഹാരമണിയിക്കാനെത്തിയ ബി.ജെ.പി. മന്ത്രിമാരെയും നേതാക്കളെയും ഗോബാക്ക് വിളികളോടെയാണ് ദളിത് സംഘടനകൾ സ്വീകരിച്ചത് രോഹിത് വെമുലയെയും ഊന സംഭവങ്ങളെയും ഓർമപ്പെടുത്തിക്കൊണ്ട് പലയിടങ്ങളിലും സംഘപരിവാർ തൊട്ടശുദ്ധമാക്കിയ ബാബാ സാഹേബിന്റെ പ്രതിമകൾ കഴുകി ശുദ്ധിയാക്കിയതിന് ശേഷം മാത്രമാണ് അവർ തങ്ങളുടെ പരിപാടികൾ ആരംഭിച്ചത്.

ദളിത്-ആദിവാസി വിഭാഗങ്ങൾക്കിടയിൽ ഉയർന്നു വന്നു കൊണ്ടിരിക്കുന്ന ഈയൊരു പ്രതിഷേധത്തിന്റേയും പുത്തനുണർവ്വിന്റെയും പ്രത്യാശയുടെയും കാര്യകാരണങ്ങളെ നേരിട്ട് മനസ്സിലാക്കുന്നതിനും ഇന്ത്യയിലെമ്പാടുമായി പുതുതായി രൂപം കൊണ്ടു വരുന്ന ഒട്ടനവധി പ്രസ്ഥാനങ്ങളിലെ അതിന്റെ ഊർജ്ജസ്വലരായ നേതാക്കളുമായി സംവദിക്കാനും ഉള്ള ആഗ്രഹത്തിന്റെ പുറത്ത് പിന്നീടുള്ള ദിവസങ്ങളിൽ ഇന്ത്യയിലെ ആദിവാസി-ദളിത് ജനസംഖ്യയുടെ ഏതാണ്ട് പകുതിയോളം അധിവസിക്കുന്ന സംസ്ഥാനങ്ങളിലൂടെ യാത്ര ചെയ്യുക യുണ്ടായി. പുതുതായി ഉരുവം കൊണ്ടിരിക്കുന്ന ദളിത് രോഷത്തിന്റെ തീവ്രത മനസ്സിലാക്കുന്നതിനും സർക്കാരുകൾ ഇതിനോട് കാണിക്കുന്ന മനോഭാവം എന്താണെന്നറിയുന്നതിനും ഈ യാത്ര പ്രയോജനപ്പെട്ടു.



ചെറിയൊരു കാലയളവാണെങ്കിൽ കൂടിയും തങ്ങൾ പ്രതീക്ഷ വെച്ചു പുലർത്തിയ ഒരു സർക്കാരിലും, തങ്ങളുടെ തന്നെ കൂട്ടത്തിൽ നിന്ന് രൂപപ്പെട്ടു വന്ന രാഷ്ട്രീയ പാർട്ടികളിലും പ്രസ്ഥാനങ്ങളിലും മോഹഭംഗം നേരിട്ട ഒരു ജനത, തങ്ങളുടെ ഭാവി സ്വയം നിർണയിക്കാൻ നിശ്ചിച്ചുറപ്പിച്ചതിന്റെ ഒട്ടനവധി തെളിവുകൾ ഈ യാത്രയ്ക്കിടയിൽ കാണാൻ സാധിച്ചു. നരേന്ദ്ര മോദിയെ പ്രധാനമന്ത്രി സ്ഥാനത്തേക്ക് എത്തിക്കുന്നതിൽ ചെറുതല്ലാത്ത പങ്ക് വഹിച്ച ആദിവാസി-ദളിത് വിഭാഗങ്ങൾ തങ്ങളുടെ മുഖ്യശത്രുവായി സംഘപരിവാറിനെ വിലയിരുത്തുന്നതിലേക്കാണ് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നത്.സാമ്പ്രദായിക ദളിത് പ്രസ്ഥാനങ്ങളിൽ നിന്ന് ഭിന്നമായ പ്രവർത്തന ശൈലികളുമായി വളർന്നു വികസിച്ചു കൊണ്ടിരിക്കുന്ന പുത്തൻ ദളിത്-ആദിവാസി പ്രസ്ഥാനങ്ങൾ ഈ രീതിയിൽ വളരാനിടയായതിന്റെ രാഷ്ട്രീയ പശ്ചാത്തലം ഹ്രസ്വമായി വിശദീകരിക്കാം.

**2014-ൽ നിന്ന് 2019-ലേക്ക്**

2014 -ലെ പൊതു തിരഞ്ഞെടുപ്പിലേക്ക് ഇന്ത്യയെ കൊണ്ടു ചെന്നെത്തിച്ചപ്പോഴേക്കും 'ദ ഗ്രാൻഡ് ഓൾഡ് പാർട്ടി' നാളിതുവരെ രാജ്യം ദർശിച്ചിട്ടില്ലാത്ത അഴിമതി പരമ്പരകളിലേക്ക് ഇന്ത്യൻ രാഷ്ട്രീയ-വാണിജ്യ മേഖലകളെയും ബ്യൂറോക്രസിയെയും നയിച്ചു കഴിഞ്ഞിരുന്നു. 2 ജി സ്പെക്ട്രം, കോൾഗേറ്റ് (കൽക്കരി അഴിമതി) കൃഷ്ണ-ഗോദാവരി ബേസിൻ പ്രകൃതി വാതകം, ഭൂമി കയ്യേറ്റം, ഖനനം തുടങ്ങി ഏതാണ്ടെല്ലാ മേഖലകളിലും അഴിമതിയുടെ വ്യാപ്തി സാധാരണക്കാർക്ക് ഒരിക്കലും മനസ്സിലാകാത്തത്രയും വലിയ തുകകളിലേയ്ക്ക് മുന്നേറിയിരുന്നു. ലക്ഷക്കണക്കിന് കോടി രൂപയുടെ കഥകളാണ് മേൽപ്പറഞ്ഞ ഓരോ അഴിമതിക്ക് പിന്നിലും ഒളിഞ്ഞു കിടന്നത്. ഏറ്റവും പ്രാപ്തനായ ധനകാര്യ വിദഗ്ദ്ധൻ പ്രധാനമന്ത്രിയായിരുന്ന ഒരു കാലത്താണ് ഈ അഴിമതികളൊക്കെയും നടന്നത്. മൗനം കൊണ്ട് അഴിതിക്ക് മറയിടാൻ സാധിക്കുമെന്ന് പ്രധാനമന്ത്രി കരുതിയെങ്കിലും ജനം അവസരത്തിനായി കാത്തിരിക്കുകയായിരുന്നു. ജനാധിപത്യത്തിന്റെ ഈയോരു സാധ്യതയെ ഉപയോഗപ്പെടുത്തിക്കൊണ്ടായിരുന്നു, ഇന്ത്യൻ ഭരണഘടനയോട് യാതൊരു



മമതയും ഇല്ലാത്ത, ജനാധിപത്യ രീതികളോട് എക്കാലവും അകലം പാലിച്ചു നിന്ന ഒരു രാഷ്ട്രീയ പാർട്ടി വൻ ഭൂരിപക്ഷത്തോടു കൂടി അധികാരത്തിലേറുന്നത് രാജ്യത്ത് ചിതറിക്കിടക്കുന്ന ഹൈന്ദവ ജനതയെ ഒരുമിപ്പിച്ച് നിർത്താനുള്ള യജ്ഞവുമായിട്ടായിരുന്നു ഗുജറാത്തിന്റെ 'വികാസ് പുരുഷ് ' ദേശീയ രാഷ്ട്രീയത്തിലേക്ക് കടന്നു വരുന്നത്. പിന്നാക്ക സമുദായക്കാരനായ, ചായക്കടക്കാരനായ പ്രധാനമന്ത്രി സ്ഥാനാർത്ഥി തിരഞ്ഞെടുപ്പ് പ്രചരണ കാലം മുഴുവൻ സംസാരിച്ചത് ഇന്ത്യയിലെ ദളിത്-ആദിവാസി പിന്നാക്ക വിഭാഗങ്ങളെ മുന്നിൽക്കണ്ടു കൊണ്ടായിരുന്നു. കാര്യക്ഷമമായ പബ്ലിക് റിലേഷൻസ് സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട്, ആളുകളെ കൈയിലെടുക്കുന്ന മുദ്രാവാക്യങ്ങളും വാക്ചാതുര്യങ്ങളുമായി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ 2014-ലെ പൊതു തിരഞ്ഞെടുപ്പിനെ നേരിട്ടപ്പോൾ കോൺഗ്രസ് എന്ന പാർട്ടി ചരിത്രത്തിന്റെ ഏടുകളിലേക്ക് മറഞ്ഞു പോകുമോ എന്ന സ്ഥിതി സംജാതമായി.

ആറ് പതിറ്റാണ്ടുകാലം ഇന്ത്യ ഭരിച്ച കോൺഗ്രസ് പ്രസ്ഥാനത്തിൽ നിന്ന് തങ്ങൾക്കൊന്നും പ്രതീക്ഷിക്കാനില്ലെന്ന ബോധ്യത്തിൽ നരേന്ദ്ര മോദിയിലും ബി.ജെ.പി യിലും ഇന്ത്യയിലെ ആദിവാസികളും ദളിതരും പിന്നാക്കവിഭാഗങ്ങളും പ്രതീക്ഷ അർപ്പിച്ചുവെന്നത് അക്കാലത്തെ വോട്ടിങ്ങിലെ ജാതിഘടകങ്ങൾ വേർതിരിച്ചു നോക്കിയാൽ കാണാൻ സാധിക്കും. ദളിത് ഹിന്ദു വോട്ടുകളിൽ 24.5 ശതമാനവും ആദിവാസി ഹിന്ദു വോട്ടുകളിൽ 38.7 ശതമാനവും ഒ.ബി.സി. വിഭാഗങ്ങളിൽ 30 ശതമാനവും ബി.ജെ.പി.ക്ക് ലഭ്യമായി എന്നത് ഈ വിഭാഗങ്ങൾക്കിടയിൽ മോദിയെ മുൻനിർത്തിയുള്ള പ്രചാരണ പ്രവർത്തനങ്ങൾ ഫലം കണ്ടു എന്നതു തന്നെയാണ് സൂചിപ്പിക്കുന്നത്. മൊത്തം പോൾ ചെയ്ത വോട്ടിൽ 31 ശതമാനം വോട്ടുകൾ നേടി 282 സീറ്റുകളോടെ മൂന്ന് പതിറ്റാണ്ടുകൾക്കു ശേഷം ഒറ്റയ്ക്കൊരു കക്ഷി ഭൂരിപക്ഷത്തോടെ അധികാരത്തിലെത്തുന്ന കാഴ്ചയും 2014-ൽ നാം കാണുകയുണ്ടായി. ദളിത്-ആദിവാസി-പിന്നാക്ക വിഭാഗങ്ങൾക്കിടയിൽ പ്രതീക്ഷ വളർത്തിയെടുക്കാൻ മോദി സംഘത്തിന് കഴിഞ്ഞതു പോലെ തന്നെ യുവജനങ്ങളായ പുതിയ വോട്ടർമാർക്കിടയിലും വൻ സ്വാധീനം നേടിയെടുക്കാൻ ബി.ജെ.പി.ക്ക്



കഴിഞ്ഞുവെന്ന് തിരഞ്ഞെടുപ്പ് വിശകലനങ്ങൾ തെളിയിക്കുന്നു. കണ്ണഞ്ചിപ്പിക്കുന്ന പ്രചാരണ പ്രവർത്തനങ്ങൾ കൊണ്ട് ജനങ്ങൾക്കിടയിൽ സ്വാധീനം ചെലുത്താൻ ബി.ജെ.പി ക്ക് കഴിഞ്ഞു. എന്നതിന് പുറമേ; ഇന്ത്യ ഇനി ആര് ഭരിക്കണം എന്ന കാര്യത്തിൽ ഇന്ത്യയിലെ കോർപ്പറേറ്റ് ഭീമൻമാർക്കിടയിൽ വ്യക്തമായ ധാരണ യുണ്ടായിരുന്നു എന്നതിന്റെ സൂചനകളും അക്കാലത്ത് ലഭ്യമായിരുന്നു. അധികാരത്തിലിരുന്ന കോൺഗ്രസിനെക്കാൾ എത്രയോ മടങ്ങ് അധികമായിരുന്നു ഈ കാലയളവിൽ ബി.ജെ.പി.ക്ക് ലഭിച്ച കോർപ്പറേറ്റ് സംഭാവനകൾ എന്നത് ഈയൊരു വസ്തുത ശരിവെക്കുന്നുണ്ട്.

മുദ്രാവാക്യങ്ങൾക്കും പ്രദർശനപരതയ്ക്കും അപ്പുറം വളരെ കൃത്യമായ കോർപ്പറേറ്റ് സാമ്പത്തിക അജൻഡ മാത്രമായിരുന്നു മോദിക്കും ബി.ജെ.പി.ക്കും ഉണ്ടായിരുന്നത് എന്ന് തിരിച്ചറിയാൻ അധികകാലമൊന്നും വേണ്ടി വന്നില്ല. സാമ്പത്തിക നയങ്ങളുടെ കാര്യത്തിൽ ഒരു മൂന്നാം യു.പി.എ എന്ന നിലയിൽ മാത്രമായിരുന്നു എൻ.ഡി.എ. സർക്കാരിന് പ്രവർത്തിക്കാനുണ്ടായിരുന്നത്. നരസിംഹറാവുവും മൻമോഹൻസിങ്ങും ആരംഭിച്ച നിയോലിബറൽ സാമ്പത്തിക പരിഷ്കരണങ്ങളെ കൂടുതൽ കാര്യക്ഷമതയോടെ നടപ്പിലാക്കുക എന്ന ദൗത്യമായിരുന്നു ബി.ജെ.പി.ക്ക് നിർവഹിക്കാനുണ്ടായിരുന്നത്. ഈ നവലിബറൽ നയങ്ങൾ സാങ്കേതിക മേഖലകളിലും തൊഴിൽ മേകലകളിലും പ്രത്യേകിച്ച് നഗരകേന്ദ്രങ്ങളിൽ, പുത്തനുണർവ് സമ്മാനിച്ചുവെങ്കിലും സ്വാഭാവിക പരിണതിയെന്നനിലയിൽ, വളരെ ചെറിയ കാലം കൊണ്ടു തന്നെ അതിന്റെ ഗുരുതരമായ പ്രത്യാഘാതങ്ങൾ മറനീക്കി പുറത്തു വരാൻ തുടങ്ങി. ഇന്ത്യയിലെ തൊഴിൽ മേഖലകൾ അസ്ഥിരമാകുന്നതും തൊഴിലലില്ലായ്മ വർധിക്കുന്നതും നിത്യോപയോഗ സാധനങ്ങളുടെ വില കുതിച്ചുയരുന്നതും കർഷക ആത്മഹത്യ കൂടിക്കൊണ്ടിരിക്കുന്നതും കാർഷിക മേഖല സമ്പൂർണ തകർച്ചയിലേയ്ക്ക് കൂപ്പുകുത്തിക്കൊണ്ടിരിക്കുന്നതും ഒക്കെ നവലിബറൽ നയങ്ങളുടെ പരിണത ഫലങ്ങളെന്ന നിലയിൽത്തന്നെയാണ് എന്ന് പൊതുവിൽ വിലയിരുത്തപ്പെടാൻ ആരംഭിച്ചു. ഈ പ്രതിസന്ധികളുടെ ഏറ്റവും ആദ്യത്തെ ഇരകൾ സ്വാഭാവികമായും ദളിത്-ആദിവാസി വിഭാഗങ്ങളായിരിക്കും എന്നത്



നിഷേധിക്കാൻ കഴിയാത്ത വസ്തുതയാണ്. കാർഷിക-വ്യാവസായിക മേഖലകളിലെ പ്രതിസന്ധികളെ മറച്ചു പിടിക്കുന്നതിനും നവലിബറൽ സാമ്പത്തിക നയങ്ങൾ മുന്നോട്ടു കൊണ്ടു പോകുന്നതിനും വേണ്ടി അന്താരാഷ്ട്ര സാമ്പത്തിക ഏജൻസികളുടെ നിർദേശപ്രകാരം മോദി സർക്കാർ നടപ്പിലാക്കിയ നോട്ട് നിരോധനമടക്കമുള്ള ഓരോ നടപടികളും ഇന്ത്യയിലെ അടിസ്ഥാന ജനവിഭാഗങ്ങളുടെ ജീവിതത്തെ കൂടുതൽ കൂടുതൽ ദുരിതമയമാക്കുന്നതായിരുന്നു. ഭരണകൂടത്തിന്റെ വികസന അജൻഡകളും സാമ്പത്തിക നയങ്ങളും ആദിവാസി-ദളിത് വിഭാഗങ്ങളെ ഒരു ഭാഗത്ത് അവരുടെ ജീവിത പരിസരങ്ങളിൽ നിന്ന് ആട്ടിയകറ്റിക്കൊണ്ടിരുന്നപ്പോൾ, മറുഭാഗത്ത് സംഘപരിവാറിന്റെ ഹിന്ദുത്വ അജൻഡ അവരുടെ സാംസ്കാരികവും സാമൂഹികവുമായ അസ്തിത്വത്തെ നിരന്തരം ചോദ്യം ചെയ്യുവാൻ ആരംഭിച്ചിരുന്നു. ജാതീയ വിവേചനവും കീഴാള വിരുദ്ധതയും ഒരു സംസ്കാരവും സാമ്പത്തിക പദ്ധതിയും എന്ന നിലയിൽ നില നിൽക്കുന്ന ഇന്ത്യയിൽ ഇത്തരം ചെയ്തികളെ ലജിറ്റിമേറ്റ് ചെയ്യുന്ന പ്രവൃത്തികളിലാണ് സംഘപരിവാർ ഭരണകൂടം പിന്നീട് മുഴുകിയത്. ഊന പോലുള്ള അപൂർവം സംഭവങ്ങൾ മാധ്യമ ശ്രദ്ധ നേടിയപ്പോൾ ഊന സമാന സംഭവങ്ങൾ ഇന്ത്യൻ ഗ്രാമങ്ങളിൽ ദിനേനയെന്നോണം നടപ്പിലാക്കപ്പെട്ടു. മോദി അധികാരത്തിൽ എത്തിയ 2014-ന്റെ രണ്ടാം പകുതിയിൽ നടന്ന ദളിത്- ആദിവാസി അതിക്രമങ്ങളിലെ വർധന മാത്രം ശ്രദ്ധിച്ചാൽ ഇക്കാര്യം ബോധ്യപ്പെടും. സാമ്പത്തിക നയങ്ങളിൽ ഭരണ നിർവഹണ സംവിധാനങ്ങളിൽ, നീതിന്യായ-നിയമപരിപാലന മേഖലകളിൽ ദളിത്-ആദിവാസി വിഭാഗങ്ങളോടുള്ള വിവേചനം ദൈനംദിന പദ്ധതിയായി മാറി. 'രക്ഷകൻ ശിക്ഷകനാകുന്നു'വെന്ന ബോധം ചെറിയൊരു കാലയളവിൽത്തന്നെ ഇന്ത്യയിലെ കീഴാള വിഭാഗങ്ങൾക്കിടയിൽ ഉടലെടുക്കാൻ തുടങ്ങി. കീഴാള വിഭാഗങ്ങളിൽപ്പെട്ട സാധാരണക്കാരായ ആളുകൾക്ക് മാത്രമല്ല, സംഘപരിവാറിലെ ദളിത് നേതാക്കൾക്കു പോലും വിവേചനം പ്രത്യക്ഷ രൂപത്തിൽ അനുഭവപ്പെടാൻ തുടങ്ങിയിരുന്നു. ഉത്തർപ്രദേശിലെ ബി.ജെ.പി ദളിത് എം.പിമാരായ ഛോട്ടേലാൽ ഖാർവർ, യശ്വന്ത്സിങ് എന്നിവരും മധ്യപ്രദേശിലെ ഇറ്റാവ എം.പിയായ അശോക്ധോരെയും ദളിതരോടുള്ള ഗവൺമെന്റിന്റെയും



പോലീസിന്റെയും മനോഭാവത്തെ ചൊല്ലി പ്രധാനമന്ത്രിക്ക് കത്തെഴുതുവാൻ നിർബന്ധിതരായി.

**ന്യായാലയങ്ങളും ദളിതരും**

ഏപ്രിൽ രണ്ടിന്റെ ഭാരത ബന്ദിലേയ്ക്ക് ദളിത്-ആദിവാസി വിഭാഗങ്ങളെ നയിച്ചതിന് പിന്നിൽ അടുത്ത കാലത്തായി ഇന്ത്യയിലെമ്പാടും, പ്രത്യേകിച്ചും ബി.ജെ.പി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ഈ വിഭാഗങ്ങൾക്കെതിരേ നടന്നു കൊണ്ടിരിക്കുന്ന അതിക്രമങ്ങൾ പ്രധാന കാരണമായിട്ടുണ്ട്. അതിനേക്കാളുപരി, അപമാനത്തിന്റേയും പീഡനത്തിന്റേയും, കൊടുമുടിയിൽ എത്തി നിൽക്കുന്ന, ഇന്ത്യയിലെ ഏറ്റവും പാർശ്വവത്കൃതരായ ഒരു ജനതയുടെ നെറുകയിൽ നൽകിയ ആഘാതമായിരുന്നു മാർച്ച് 20-ന്റെ സുപ്രീം കോടതി വിധി. ദളിത്-ആദിവാസി വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങളിൽ നിന്ന് നിസ്സാരമായ രീതിയിലാണെങ്കിൽ പോലും ഇരകൾക്ക് നിയമപരമായ സംരക്ഷണം നൽകുന്ന പട്ടികജാതി-പട്ടിക വർഗ്ഗ നിയമം-1989-ൽ വെള്ളം ചേർത്തു കൊണ്ടുള്ള സുപ്രീം കോടതി വിധി അവരെ സംബന്ധിച്ചിടത്തോളം നിർണായകമായ ഒന്നായിരുന്നു. എസ്.സി.എസ്.ടി. ആക്ടിന്റെ ദുരുപയോഗം തടയുന്നതുമായി ബന്ധപ്പെട്ട കേസിലാണ് ജസ്റ്റിസ് ആദർശ് ഗോയൽ, യു.യു.ലളിത് എന്നിവരടങ്ങുന്ന ബെഞ്ച് മാർച്ച് 20ന് വിവാദ മായ നിരീക്ഷണം നടത്തുകയും അത്തരം കേസുകളിൽ പെട്ടെന്നുള്ള അറസ്റ്റ് തടയുന്നതടക്കമുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തത്. ജാതീയമായ വിവേചനം അതി ശക്തമായി നിലനിൽക്കുന്ന ഒരു രാജ്യത്ത് വിവേചനങ്ങളിൽ നിന്നും അതിക്രമങ്ങളിൽ നിന്നും ദളിത്-ആദിവാസി വിഭാഗങ്ങളെ സംരക്ഷിക്കു വാൻ ഉദ്ദേശിച്ചു കൊണ്ടുള്ള ശക്തമായ ഒരു നിയമ നിർമ്മാണം നടന്നത് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചതിന് നാല് പതിറ്റാണ്ട് കഴിഞ്ഞിട്ടാണ് എന്ന് നാം ഓർമിക്കേണ്ടതുണ്ട്. തൊട്ടു കൂടായ്മ (വിരുദ്ധ) നിയമം 1956, സിവിൽ അവകാശ സംരക്ഷണ നിയമം 1976 എന്നീ നിയമങ്ങൾ പരിഷ്കരിച്ചും ഭേദഗതി ചെയ്തു മാണ് ഇന്ന് നാം കാണുന്ന തരത്തിലുള്ള പട്ടികജാതി-പട്ടികവർഗ്ഗ (പീഡന നിരോധന) നിയമം 1980 രൂപപ്പെട്ടത്. ഇന്ത്യൻ രാഷ്ട്രീയത്തിൽ ദളിത് ഉണർവ്



ശക്തമായി അലയടിച്ച എൺപതുകളുടെ അവസാനത്തിലായിരുന്നു രാജീവ് ഗാന്ധിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ് ഗവൺമെന്റ് ഇത്തരമൊരു നിയമ നിർമ്മാണം നടത്തുന്നതെന്ന വസ്തുതയും ഇവിടെ ഓർമ്മിക്കേണ്ടതുണ്ട്. വംശീയവും ജാതീയതവും ലിംഗപരവുമായ വിവേചനങ്ങളിൽ നിന്നും പൗരന്മാരുടെസംരക്ഷണം ഉറപ്പു നൽകുന്ന ഭരണഘടനയുടെ ആർട്ടിക്കിൾ 15, പൊതു സേവനങ്ങളിൽ തുല്യാവസരം (ആർട്ടിക്കിൾ 16), തൊട്ടുകൂടായ്മ നിരോധനം (ആർട്ടിക്കിൾ 17), ചൂഷണത്തിനെതിരെയുള്ള അവകാശം (ആർട്ടിക്കിൾ 23), എസ്.സി.എസ്.ടി വിഭാഗങ്ങളുടെ വിദ്യാഭ്യാസ സാമ്പത്തിക താത്പര്യങ്ങൾ ഉയർത്തുന്നതുമായി ബന്ധപ്പെട്ട ആർട്ടിക്കിൾ 330 തുടങ്ങി ഭരണഘടന അനുശാസിക്കുന്ന നിരവധി അവകാശങ്ങൾക്ക് അനുരൂപമായിട്ടാണ് ദളിത്-ആദിവാസി വിഭാഗങ്ങളെ വിവേചനങ്ങളിൽ നിന്ന് സംരക്ഷിക്കാനുദ്ദേശിച്ചു കൊണ്ടുള്ള 1989-ലെ ആക്ടിന് പാർലമെന്റ് രൂപം കൊടുക്കുന്നത്. എസ്.സി.എസ്.ടി ആക്ടിന്റെ അന്തസ്സത്തയിൽ വെള്ളം ചേർത്തു കൊണ്ടുള്ള സുപ്രീം കോടതിയുടെ വിധി പ്രഖ്യാപനത്തിന് ആധാരമായ കേസ് മഹാരാഷ്ട്രയിൽ നിന്നുള്ള രണ്ട് സർക്കാർ ഉദ്യോഗസ്ഥരായ വ്യക്തികളുമായി ബന്ധപ്പെട്ട ഒന്നാണ്. ദളിത് വിഭാഗത്തിൽപ്പെട്ട പരാതിക്കാരനെ കുറ്റാരോപിതൻ ജാതീയമായി  അധിക്ഷേപിച്ചു എന്ന കേസിൽ എസ്.സി. എസ്.ടി. ആക്ടുമായി ബന്ധപ്പെട്ട കേസുകളിൽ വ്യാപകമായ ദുർവിനിയോഗം നടക്കുന്നുണ്ട് എന്ന് പ്രതിഭാഗം വക്കീലിന്റെ കേവലമൊരു പ്രസ്താവനയെ മുഖവിലയ്ക്കെടുത്തു കൊണ്ടാണ് സുപ്രീംകോടതി ജസ്റ്റിസുമാർ വിധിപ്രസ്താവം നടത്തിയത്. എസ്.സി.എസ്.ടി. ആക്ട് അനുസരിച്ച് പ്രതികളെ അറസ്റ്റു ചെയ്യാനുള്ള അധികാരം സീനിയർ പൊലീസ് സൂപ്രണ്ടിന് മാത്രമേ ഉള്ളൂ എന്നും, പ്രതികൾക്ക് മുൻകൂർ ജാമ്യം അനുവദിക്കാമെന്നും, സർക്കാർ ഉദ്യോഗസ്ഥർക്കെതിരായ കേസുകളിൽ പ്രതികളെ അറസ്റ്റു ചെയ്യണമെങ്കിൽ  ബന്ധപ്പെട്ട നിയമന അധികാരികളുടെ അനുവാദം വാങ്ങിയിരിക്കണമെന്നും കോടതി നിർദ്ദേശിക്കുകയുണ്ടായി. എസ്.സി.എസ്.ടി ആക്ട് അനുസരിച്ച് ചാർജ് ചെയ്യപ്പെടുന്ന കേസുകളിൽ സ്വാഭാവിക അറസ്റ്റ് നടക്കുന്നത് സാമൂഹികമായി അവശതയനുഭവിക്കുന്ന പരാതിക്കാർക്ക് ലഭിക്കുന്ന ഏറ്റവും വലിയ നിയമ



പരിരക്ഷണമാണ്. കാരണം കുറ്റാരോപിതരെ അറസ്റ്റ് ചെയ്യാതിരിക്കുന്നത് കേസ് അട്ടിമറിക്കപ്പെടാനുള്ള സാധ്യത കൂട്ടുന്നു എന്നതാണ്.

നിയമ നിർമാണത്തിനുള്ള പരമാധികാര സഭയായ പാർലമെന്റ് നിർമിച്ച ഈ നിയമത്തെയാണ് തങ്ങൾക്ക് ലഭ്യമായ അധികാരത്തെ മറികടന്നു കൊണ്ട് തള്ളിപ്പറയാനും തിരുത്താനും ജഡ്ജുമാർ തയ്യാറായിരിക്കുന്നത് എന്നത് വളരെ ഗൗരവാവഹമായ സംഗതിയാണ്. രണ്ട് വസ്തുതകളാണ് ഇവിടെ പൊതുവിൽ ശ്രദ്ധിക്കപ്പെടേണ്ടതായിട്ടുള്ളത്. ഒന്ന്, വ്യക്തി തലത്തിൽ നൽകപ്പെട്ട ഒരു കേസിൽ വിധി പറയുന്ന അവസരത്തിൽ ഒരു സമൂഹത്തിലെ നാലിലൊന്നോളം വരുന്ന ജനതയുടെ സംരക്ഷണത്തിനായി നിർമിക്കപ്പെട്ട ഒരു നിയമത്തെ ബന്ധപ്പെട്ട സമൂഹവുമായി യാതൊരുവിധ കൂടിയാലോചനയോ, അവരുടെ ഭാഗം കേൾക്കുന്നതിനുള്ള സന്നദ്ധതയോ കാട്ടാതെ ഏകപക്ഷീയമായി വിധി പറയുക എന്ന തെറ്റായ കീഴ്വഴക്കം കോടതി സൃഷ്ടിച്ചു എന്നത്. രണ്ടാമത്തേത്, നിയമ നിർമ്മാണത്തിനുള്ള ജനകീയ സഭയുടെ അധികാരത്തിന്മേലുള്ള നീതി നിർവ്വഹണ സംവിധാനങ്ങളുടെ കടന്നു കയറ്റം. പൊതു മനസ്സാക്ഷിക്കും മാധ്യമ പ്രചാരണങ്ങൾക്കും അടിപ്പെട്ടു കൊണ്ട് കോടതികൾ പുറപ്പെടുവിക്കുന്ന വിധി പ്രസ്താവങ്ങൾ യഥാർത്ഥ നീതി നിർവഹണത്തിന് തടസ്സമായിട്ടുണ്ടെന്ന് മുൻകാല അനുഭവങ്ങളുടെ വെളിച്ചത്തിൽ പറയാൻ കഴിയും. അതു കൊണ്ട് തന്നെ ജനാധിപത്യസംവിധാനങ്ങളെ മറി കടന്നു കൊണ്ടുള്ള കോടതിവിധികളെ നിരുത്സാഹപ്പെടുത്തേണ്ടത് ജനാധിപത്യത്തിന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമായ കാര്യമാണ്. ഇന്ത്യയിലെ നീനിന്യായ സംവിധാനങ്ങൾ യാതൊരുവിധ പരിഷ്കരണങ്ങൾക്കും വിധേയമാകാതെ പതറ്റാണ്ടുകളായി അതേപടി തുടരുകയാണ് എന്ന യാഥാർത്ഥ്യത്തെയും ഈയൊരു പശ്ചാത്തലത്തിൽ വിശകലന വിധേയമാക്കേണ്ടതാണ്. നിയമ നിർമാണ സഭകൾക്കും അവയെ നയിക്കുന്ന രാഷ്ട്രീയ പാർട്ടികൾക്കും സർക്കാരുകൾക്കും സംഭവിച്ച അപചയം കാരണം നീതിന്യായ സംവിധാനങ്ങളുടെ ജനാതിപത്യവിരുദ്ധ രീതികളെ ചോദ്യം ചെയ്യാനുള്ള ധാർമിക അവകാശം നഷ്ടപ്പെട്ടിരിക്കുന്നു. ഈയൊരു വിടവിലാണ് കോടതികളുടെ ജനാധിപത്യ വിരുദ്ധത നിറഞ്ഞാടുന്നത് എന്ന് വേണം വിലയിരുത്താൻ.



കോടതികളുടെ ജാതിബോധത്തെ കൃത്യമായി അടയാളപ്പെടുത്തുന്ന വിധി പ്രസ്താവങ്ങൾ മുൻകാലങ്ങളിലും ഉണ്ടായിട്ടുണ്ട് എന്നതാണ് യാഥാർത്ഥ്യം. എന്തുകൊണ്ടാണിത് സംഭവിക്കുന്നത് എന്ന് തിരിച്ചറിയണമെങ്കിൽ ഇന്ത്യൻ ജുഡീഷ്യറിയുടെ ജാതി സങ്കലനം ഒന്നു പരിശോധിക്കുന്നത് നന്നായിരിക്കും. സ്വാതന്ത്ര്യം ലഭിച്ച് ഏഴ് പതിറ്റാണ്ട് പിന്നിട്ട് കഴിഞ്ഞിട്ടും ഒരു ആദിവാസി പോലും ഇന്ത്യയിലെ ഉന്നത ന്യായാലയങ്ങളിൽ ന്യായാധിപനായി ഇരുന്നിട്ടില്ല എന്ന വസ്തുതയും ചീഫ് ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണൻ പദവിയിൽ നിന്ന് വിരമിച്ചതിന് ശേഷം സുപ്രീം കോടതിയിൽ ദളിത്-ഒ.ബി.സി. വിഭാഗങ്ങളിൽപ്പെട്ട ഒരാളു പോലും ജസ്റ്റിസ് ആയിട്ടില്ല എന്ന യാഥാർത്ഥ്യവും അപ്പോൾ നമ്മുടെ മുന്നിൽ തെളിഞ്ഞു വരും. വ്യത്യസ്ത സാമൂഹിക വിഭാഗങ്ങളെ ജനസംഖ്യാനുപാതികമായി പ്രതിനിധീകരിക്കാത്ത ഒരു നീതിന്യായ സംവിധാനത്തിൽ നിന്ന് ഇത്തരത്തിലുള്ള വിധികളല്ലാതെ മറ്റെന്താണ് പ്രതീക്ഷിക്കാവുന്നത്? ഇന്ത്യയിലെ ജനസംഖ്യയിലെ കാൽഭാഗത്തോളം വരുന്ന അടിസ്ഥാന ജനവിഭാഗങ്ങളെ പ്രതിനിധീകരിക്കാത്ത ഒരു സംവിധാനം ജനാധിപത്യ വ്യവസ്ഥയ്ക്ക് തന്നെ കളങ്കമാണ് എന്ന് തിരിച്ചറിഞ്ഞു കൊണ്ട് ഈയൊരു കുറവ് പരിഹരിക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുകയാണ് വേണ്ടത്.

ദളിത്-ആദിവാസി വിഭാഗങ്ങളെ ഒന്നടങ്കം ബാധിക്കുന്ന ഒരു വിധി പ്രസ്താവം നടത്തുന്നതിന് മുൻപ് ദേശീയ പട്ടികജാതി-പട്ടികവർഗ്ഗ കമ്മിഷൻ പോലുള്ള ഔദ്യോഗിക സംവിധാനങ്ങളുമായിപ്പോലും അഭിപ്രായം ചോദിക്കാനുള്ള ഉത്തരവാദിത്വം കോടതി കാട്ടിയില്ലെന്നതാണ് യാഥാർത്ഥ്യം. സർക്കാരുകളും ബന്ധപ്പെട്ട ഉദ്യോഗസ്ഥവൃന്ദങ്ങളും ആവശ്യമായ സ്ഥിതി വിവരക്കണക്കുകൾ കോടതികളെ ബോധിപ്പിക്കുന്നതിൽ കാണിക്കുന്ന പിഴവുകൾക്ക് ശിക്ഷിക്കപ്പെടുന്നത് ദളിത് ആദിവാസി വിഭാഗങ്ങളാണ്.

എസ്.സി-എസ്.റ്റി ആക്ട് ദുരുപയോഗം ചെയ്യുകയാണ് എന്ന തെറ്റായ പ്രചാരണത്തെ അതേപടി വിഴുങ്ങിയ കോടതി ഇത്തരം കേസുകളിൽ ദളിത്-ആദിവാസി വിഭാഗങ്ങൾക്ക് ലഭ്യമാകുന്ന നീതി എത്രയാണ് എന്നത് സംബന്ധിച്ചത് നിലവിലുള്ള സർക്കാർ ഏജൻസികളുടെ തന്നെ കണക്കുകൾ



പരിശോധിക്കാൻ പോലും മെനക്കെട്ടിട്ടില്ല എന്നതാണ് പരമാർത്ഥം. നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോ (NCRB) യുടെ 2016-ലെ കണക്കനുസരിച്ച് പട്ടിക ജാതിക്കാർക്കെതിരായ അതിക്രമങ്ങളിൽ കേവലം 1.4 ശതമാനവും പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായ കേസുകളിൽ 0.8 ശതമാനം മാത്രമേ കുറ്റവാളികൾ ശിക്ഷിക്കപ്പെടാറുള്ളൂ. 2015-ലെ കണക്കനുസരിച്ച് കോടതികളിലെത്തിയ 15636 കേസുകളിൽ 11024 എണ്ണത്തിൽ കുറ്റാരോപിതരെ വെറുതെ വിടുകയും 495 കേസുകൾ പിൻവലിക്കപ്പെടുകയും 4119 കേസുകളിൽ ശിക്ഷ വിധിക്കുകയും ചെയ്യുകയാണുണ്ടായത്. ഈ കണക്കുകളെല്ലാം തന്നെ സൂചിപ്പിക്കുന്നത് ദളിത് ആദിവാസികൾക്കെതിരായ അതിക്രമങ്ങളിൽ എസ്.സി.എസ്.റ്റി ആക്ട് അനുസരിച്ച് ചാർജ് ചെയ്യുന്ന കേസുകളിൽ വളരെ തുച്ഛമായ എണ്ണത്തിൽ മാത്രമേ ശിക്ഷാവിധി സാധ്യമാക്കാറുള്ളൂ എന്നാണ്. ഇതിന് പ്രധാന കാരണം കോടതികളിലെത്തുന്ന കേസുകളിൽ കുറ്റാരോപിതർക്കെതിരെ ശക്തമായ തെളിവുകൾ ഹാജരാക്കാൻ പോലീസോ മറ്റന്വേഷണ ഏജൻസികളോ തയ്യാറാകാത്തതും സാക്ഷികളെ ഭീഷണിപ്പെടുത്തിയോ പ്രലോഭിപ്പിച്ചോ പിൻവലിപ്പിക്കാനുള്ള സവർണ വിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക പദവിയും ഒക്കെയാണ് ദളിത്-ആദിവാസി വിഭാഗങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുന്ന പലതരത്തിലുള്ള സാമൂഹികാവശതകളെ മനസ്സിലാക്കുന്നതിൽ കോടതികൾ പരാജയപ്പെടുന്നതിന്റെ പ്രധാന കാരണം ജനസംഖ്യാനുപാതികമായി ആ വിഭാഗങ്ങളുടെ പ്രതിനിധ്യം ഉന്നത നീതി പീഠങ്ങളിൽ ഉണ്ടാകുന്നില്ല എന്നതു തന്നെയാണ്.

**നിയമവിധേയമാക്കപ്പെടുന്ന ദളിത് വിരുദ്ധത**

കീഴാള വിരുദ്ധ മനോഭാവം എന്നത് ഇന്ത്യൻ സമൂഹത്തിന്റെ പൊതുസ്വഭാവം തന്നെയായിരുന്നു എക്കാലത്തും. ഏഴ് പതിറ്റാണ്ട് ഇന്ത്യ ഭരിച്ച 'ജനാധിപത്യ' ഭരണകൂടങ്ങളിൽ നിന്ന് ദളിതർക്കും ആദിവാസികൾക്കും രക്ഷ കിട്ടിയിട്ടില്ല എന്നത് വസ്തുതയാണ്. ഇന്ത്യൻ സാമൂഹിക യാഥാർത്ഥ്യം ഭരണകൂട-പാർട്ടി-പ്രസ്ഥാനങ്ങളിലൂടെ പ്രതിഫലിപ്പിക്കപ്പെടുകയായിരുന്നു എന്ന് പറയാം. ദളിത്-ആദിവാസി വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങളുടെ എണ്ണത്തിൽ



ഏറ്റക്കുറച്ചിലുകൾ വ്യത്യസ്ത ഭരണങ്ങളിൽ സംഭവിക്കാറുണ്ട്. എന്നാൽ ബി.ജെ.പി. അധികാരത്തിൽ വന്നതിന് ശേഷം ദളിത് വിരുദ്ധത എന്നത് ഒരു സ്റ്റേറ്റ് സ്പോൺസേർഡ് പരിപാടിയായി മാറി. ദളിത്-ആദിവാസി-ന്യൂനപക്ഷങ്ങൾ ക്കെതിരായ എല്ലാ അതിക്രമങ്ങളും നിയമവിധേയമാക്കപ്പെടുന്ന തരത്തിലുള്ള നടപടികളാണ് ബി.ജെ.പി നേതൃത്വത്തിലുള്ള കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സ്വീകരിച്ചു കൊണ്ടിരിക്കുന്നതന്ന് രാജ്യത്ത് സമീപ കാലത്ത് നടന്നു കൊണ്ടിരിക്കുന്ന സംഭവ വികാസങ്ങൾ വിലയിരുത്തിയാൽ മനസ്സിലാകും. ബി.ജെ.പി-സംഘപരിവാർ നേതാക്കൾ പ്രതികളായിട്ടുള്ള കേസുകൾ ഓരോന്നായി തെളിവുകൾ ഇല്ലാത്തതിന്റെ പേരിൽ കുറ്റവിമുക്തമാക്കപ്പെടുകയാണ്. ഇത്തരം കേസുകളിൽ സർക്കാർ ബോധപൂർവ്വം തന്നെ തെളിവുകൾ നൽകാതിരിക്കുകയും കേസുകൾ ദുർബലപ്പെടുത്താനുള്ള സഹായങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്യുന്നു. ഇതു വഴി ജനങ്ങളിലേയ്ക്ക്, പ്രത്യേകിച്ച് സവർണ വിഭാഗങ്ങളിലേയ്ക്ക്, പ്രസരിപ്പിക്കപ്പെടുന്ന സന്ദേശം വ്യക്തമാണ്. ദളിത്-ന്യൂന പക്ഷങ്ങൾക്കെതിരായ അതിക്രമങ്ങൾക്ക് സർക്കാരിന്റെ പിന്തുണയുണ്ട് എന്ന് തന്നെയാണത്. നൂറുകണക്കിന് ദളിത് ആക്ടിവിസ്റ്റുകളെ ഏപ്രിൽ 2-ന്റെ ബന്ദിന്റെ പേരിൽ രാജ്യദ്രോഹ കുറ്റങ്ങളടക്കം ചാർത്തി കേസെടുത്തിരിക്കുന്നത് അതു കൊണ്ടാണ്. ഒരേ സമയം ഭരണഘടനാപരമായ ഉത്തരവാദിത്വം നിർവ്വഹിക്കാതി രിക്കുകയും ഭരണഘടനാ വിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ശക്തികൾക്ക് അതിനുള്ള എല്ലാ ഒത്താശകളും ചേയ്തു കൊടുക്കുകയും ചെയ്യുന്ന സമീപനമാണ് കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ആദിവാസി-ദളിത് വിഭാഗങ്ങൾ നിങ്ങളുടെ തൊഴിലവസരങ്ങൾ കവർന്നെടുക്കു കയാണെന്ന് സവർണ വിഭാഗത്തിലെ യുവജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് സംവരണ വിരുദ്ധ പ്രക്ഷോഭങ്ങളുടെ മറവിൽ രാജ്യമെങ്ങും ദളിത്-ആദിവാസി വിഭാഗങ്ങൾക്കെതിരായി അതിക്രമങ്ങൾ അഴിച്ചു വിടാൻ അവരെ പ്രേരിപ്പിക്കുന്നതും സംഘപരിവാർ തന്നെയാണ്. ഇന്ത്യയിലെ തൊഴിൽ മേഖലയിൽ ഒരു ശതമാനത്തിലും താഴെയുള്ള തൊഴിലുകളാണ് 26 ശതമാനത്തോളം വരുന്ന ദളിത്-ആദിവാസി വിഭാഗങ്ങൾക്ക്



സംവരണത്തിലൂടെ ലഭിക്കുന്നത് എന്ന യാഥാർത്ഥ്യം മറച്ചു വെച്ചു കൊണ്ടാണ് സംഘപരിവാറിന്റെ ദളിത്-വിരുദ്ധ പ്രചാരണങ്ങൾ നടക്കുന്നത്. (തൊഴിലും സംവരണവും സംബന്ധിച്ച ചാർട്ട് കാണുക) സവർണ മൂല്യങ്ങളെ താലോലിക്കുന്ന ഒരു പ്രത്യയശാസ്ത്രമണ്ഡലത്തിൽ വിഹരിക്കുന്ന സംഘപരിവാർ ഭരണത്തിൻ കീഴിൽ നിയമ വിധേയമാക്കപ്പെട്ട ദളിത് വിരുദ്ധതയ്ക്കെതിരായി ഉയർന്നു വരുന്ന സംഘടിതമായ ചെറുത്തു നിൽപ്പുക ളാണ് പുതുതായി ഉയർന്നു വരുന്ന ദളിത് പ്രസ്ഥാനങ്ങൾ.





**ദളിത് മുന്നേറ്റങ്ങൾ**

ഒരു സമൂഹത്തിന്റെ ജനാധിപത്യവത്കരണ പ്രക്രിയയിൽ അടിസ്ഥാന ജന വിഭാഗങ്ങളിൽ നിന്നുയരുന്ന മുന്നേറ്റങ്ങൾക്ക് വലിയ പങ്ക് വഹിക്കാനുണ്ട്. സ്വാതന്ത്ര്യം ലഭിച്ച് ഏഴു പതിറ്റാണ്ടിനു ശേഷവും സമൂഹത്തിലെ 30 കോടിയിലധികം വരുന്ന ദളിത്-ആദിവാസി വിഭാഗങ്ങൾ അനുഭവിക്കുന്ന സാമൂഹികാവശതകളുടെ ആഴം എത്രയാണെന്നതിനെ സംബന്ധിച്ച ചെറിയൊരു ബോധ്യം മതിയാകും നമ്മുടേത് എത്ര മാത്രം ജനാധിപത്യസമൂഹമാണ് എന്ന് മനസ്സിലാക്കാൻ. ഇന്ത്യയിലെ ദളിതരിൽ 54.67% വും ആദിവാസികളിൽ 35.62% വും കുടുംബങ്ങൾ ഇപ്പോഴും ഭൂരഹിതരാണ് എന്ന വസ്തുതയെ, ദളിതുകളിൽ 37% വും ദാരിദ്ര്യ രേഖയ്ക്ക് താഴെയാണെന്ന യാഥാർത്ഥ്യത്തെ, 54% പേരും പോഷകാഹാരക്കുറവ് അനുഭവിക്കേണ്ടി വരുന്നവരാണെന്ന വസ്തുതയെ, ആയിരത്തിൽ 83 എന്ന കണക്കിൽ ദളിത് കുട്ടികൾ ഒരു വയസ്സ് പൂർത്തിയാകും മുമ്പ് മരണപ്പെടുന്നുവെന്ന കണക്കിനെ, ഇന്ത്യയിലെ 28% ഗ്രാമങ്ങളിലും ദളിതുകൾക്ക് പോലീസ് സ്റ്റേഷനുകളിൽ പ്രവേശനമില്ലെന്ന ക്രൂരയാഥാർത്ഥ്യത്തെ (NHRC Statistics, KB Saxena, former Additional Secretary of Bihar) നമ്മുടെ കൊട്ടിഘോഷിക്കപ്പെടുന്ന ജനാധിപത്യത്തിന്റെ ഉരകല്ലിൽ ഉരച്ചു നോക്കാതെ നമുക്ക് മുന്നോട്ടു പോകാൻ സാധ്യമല്ല. ഈയൊരു യാഥാർത്ഥ്യത്തോടൊപ്പം ഇന്ത്യയിലെ സവർണ ഫാസിസ്റ്റ് പ്രത്യയശാസ്ത്രത്തിൽ അധിഷ്ഠിതമായൊരു ഭരണകൂടത്തിൽ 'നിയമവിധേയമാക്കപ്പെട്ട' കീഴാളവിരുദ്ധത കൂടിയായപ്പോൾ അതിനോടുള്ള സ്വാഭാവിക ചെറുത്തു നിൽപ്പ് എന്ന രീതിയിൽ തന്നെയാണ് ആദിവാസി-ദളിത് വിഭാഗങ്ങൾക്കിടയിൽ വളർന്നു വരുന്ന പുതിയ മുന്നേറ്റങ്ങളെ കാണാൻ സാധിക്കുക. ദളിത്-ആദിവാസി വിഭാഗങ്ങൾക്കിടയിൽ പ്രവർത്തിച്ചു വരുന്ന വ്യവസ്ഥാപിത സംഘടനാ സംവിധാനങ്ങളും രാഷ്ട്രീയ പാർട്ടികളും അവരുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ വിസ്മരിക്കുകയും അധികാരരാഷ്ട്രീയത്തിൽ മാത്രമായി പ്രവർത്തനങ്ങൾ ചുരുക്കുകയും ചെയ്തതതോടെ, മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി വിശാലമായ മുന്നേറ്റങ്ങൾ രൂപപ്പെടാൻ ആരംഭിച്ചത്. ഓരോ



സംസ്ഥാനത്തും അവരവരുടെരാഷ്ട്രീയ പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടാണ് ഇത്തരം പ്രസ്ഥാനങ്ങൾ വളർന്നു വരുന്നത്. ഉത്തർപ്രദേശിൽ 'ഭീം ആർമി' ഹരിയാനയിൽ 'ദളിത് സ്വരാജ്', മധ്യപ്രദേശിൽ 'ജയ് ഭീം 5 ഏക്കർ', കർണാടകയിൽ 'ദളിത് സംഘർഷ സമിതി', ഗുജറാത്തിൽ 'ദളിത് രാഷ്ട്രീയ അധികാര മഞ്ച്' കേരളത്തിൽ 'ഭൂഅധികാര സംരക്ഷണ സമിതി' തുടങ്ങി ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ഇത്തരത്തിൽ വിശാലമായ ദളിത്-ആദിവാസി മുന്നേറ്റങ്ങൾ പ്രകടമായ രീതിയിൽ ശക്തി പ്രാപിച്ചു വരുകയാണ്. അടിസ്ഥാന തലത്തിൽ പിറവി കൊള്ളുന്ന ഈയൊരു കീഴാളരോഷം പാർലമെന്ററി രാഷ്ട്രീയത്തിലേക്ക് പരിവർത്തിക്കപ്പെടുമോ എന്ന ചോദ്യം സുപ്രധാനമാണ്. പരിമിതമായ തോതിലെങ്കിലും നിലനിൽക്കുന്ന, ഇനിയും വികസിതമാകാൻ ഒട്ടേറെ സാധ്യതകളുള്ള ഇന്ത്യൻ ജനാധിപത്യത്തെയും ഇന്ത്യൻ ഭരണഘടനയെയും ഇന്ത്യയുടെ മതേതര സ്വഭാവത്തേയും സംബന്ധിച്ചിടത്തോളം ഇത് സാധ്യമായേ മതിയാകുകയുള്ളൂ. ഇന്ത്യൻ ഭരണഘടന പൂർണ്ണമായും തിരുത്തിയെഴുതാൻ തന്നെയാണ് തങ്ങളുടെ പുറപ്പാടെന്ന് പരസ്യമായി പ്രഖ്യാപിക്കാൻ പോലും യാതൊരു മടിയുമില്ലാത്ത സംഘപരിവാർ ജനപ്രതിനിധികളെ അവരുടെ പഴയ ലാവണങ്ങളിലേക്ക് പറഞ്ഞയയ്ക്കാൻ പുതിയ ജനാധിപത്യമുന്നേറ്റങ്ങൾക്ക് മാത്രമേ സാധിക്കൂ. ആദിവാസി-ദളിത്-പിന്നാക്ക-ന്യൂനപക്ഷ വിഭാഗങ്ങളുടെ വിശാല സംഖ്യങ്ങളെ സാമ്പ്രദായിക രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കപ്പുറത്ത് ഇന്ത്യയുടെ രാഷ്ട്രീയ അജൻഡ നിശ്ചയിക്കുന്നതിലേക്കായി വികസിക്കുമെന്നത് കേവലം പ്രതീക്ഷ മാത്രമല്ലെന്ന് ചിന്തിക്കുന്നവരുടെ എണ്ണം ഇന്ന് കൂടിക്കൊണ്ടിരിക്കുകയാണ്. AWAKE-85 എന്ന മുദ്രാവാക്യം സംഘപരിവാർ ഭരണത്തിൽ അടിച്ചമർത്തപ്പെട്ടുകൊണ്ടിരിക്കുന്ന മേൽപ്പറഞ്ഞ എൺപത്തിയഞ്ചു ശതമാനം വരുന്ന ജനവിഭാഗത്തെ ഉദ്ദേശിച്ചുകൊണ്ട് പതുക്കെയെങ്കിലും അന്തരീക്ഷത്തിൽ മുഴങ്ങിക്കേൾക്കുന്നുണ്ട്.



കീഴാളജനതയെ കീഴാളരായി നിലനിർത്തുന്നത് കേവലം രാഷ്ട്രീയ-സാമൂഹികാവസരങ്ങളുടെ നിഷേധങ്ങളിലൂടെ മാത്രമല്ല, മറിച്ച് ചരിത്രത്തിൽ അവരുടെ സ്ഥാനത്തെ നിഷേധിച്ചു കൊണ്ടും ചരിത്രമില്ലാത്ത ഒരു ജനതയായി അവരെ പ്രഖ്യാപിച്ചു കൊണ്ടുകൂടിയുമാണ്. ആദിവാസി-ദളിത് വിഭാഗങ്ങളുടെ സംഭാവനകളെ ഔദ്യോഗിക ചരിത്രങ്ങളിൽ നിന്ന് മാറ്റി നിർത്താനുള്ള ശ്രമം വളരെ സൂക്ഷ്മമായ രീതിയിൽ തന്നെ നടപ്പിലാക്കപ്പെട്ടിട്ടുണ്ട് ഇന്ത്യയിൽ. അതു കൊണ്ടു കൂടിയാണ് 1857-ലെ സിപായി ലഹളയെക്കുറിച്ച് പഠിക്കുമ്പോൾ നാം മംഗൾപാണ്ഡെയെക്കുറിച്ച് കേൾക്കുന്നതും മാതാദീൻ ഭംഗിയെക്കുറിച്ച് കേൾക്കാതിരിക്കുന്നതും ഇന്ത്യയിലെ ഒരു ഔദ്യോഗിക ചരിത്ര പുസ്തകത്തിലും മാതാദീൻഭംഗിയെന്ന പേര് രേഖപ്പെടുത്താതെ പോയത് ഇത്തരമൊരു ബോധപൂർവമായ ചരിത്രതമസ്കരണത്തിന്റെ ഭാഗമായാണ്.

ഹിന്ദുക്കൾ ആരാധിക്കുന്ന പശുവിന്റേയും മുസ്ലിങ്ങൾ വെറുക്കുന്ന പന്നിയുടെയും കൊഴുപ്പു ചേർത്ത വെടിക്കോപ്പ് ഉപയോഗിക്കുവാൻ വിസമ്മതിച്ച് ബ്രിട്ടീഷ് സൈന്യത്തിൽ പ്രക്ഷോഭം ആരംഭിച്ച മംഗൾ പാണ്ഡെയെന്ന ബ്രാഹ്മണ സൈനികനെ അത്തരമൊരു നടപടി സ്വീകരിക്കാൻ നിർബന്ധിതനാക്കിയത് മാതാദീൻ ഭംഗിയെന്ന 'അശ് പൃശ്യ'നായിരുന്നു. കൊൽക്കത്തയിലെ ആയുധ ഫാക്ടറിയിൽ ജോലി ചെയ്തിരുന്ന മുസാഹാർ ജാതിക്കാരനായ മാതാദീൻ ആണ് മംഗൾ പാണ്ഡെയടക്കമുള്ളവരെ പശു-പന്നി കൊഴുപ്പുപയോഗിച്ച് ആയുധ സംഭരണത്തിനുള്ള ഗ്രീസ് നിർമിക്കുന്നതിനെക്കുറിച്ച് ബോധവാൻമാരാക്കുന്നത്. ജാതീയതയുടെ പേരിൽ കുടിവെള്ളം നൽകാൻ വിസമ്മതിച്ച മംഗൾ പാണ്ഡെ എന്ന ബ്രാഹ്മണ സൈനികനെ, ജാതിയുടെ പേരിൽ ഊറ്റംകൊള്ളുന്ന അവരുടെ മിഥ്യാഭിമാനത്തെ കളിയാക്കി കൊണ്ട് ആയുധ നിർമ്മാണത്തിന് പിന്നിലെ ഈയൊരു രഹസ്യത്തെ പുറം ലോകത്തെത്തിക്കുന്നത് മാതാദീൻ ആണ്. തുടർന്നുള്ള സംഭവവികാസങ്ങൾ ചരിത്രത്തിന്റെ ഭാഗം. മംഗൾപാണ്ഡെയെന്ന ദേശസ്നേഹിക്ക് അതിനായി ജീവൻ ബലി നൽകേണ്ടി വന്നതിന്റെ കഥകൾ നാം നിരന്തരം കേട്ടു കൊണ്ടിരിക്കുന്നു. എന്നാൽ ഇതേ കാരണം കൊണ്ട് ബ്രിട്ടീഷുകാരാൽ തൂക്കിലേറ്റപ്പെട്ട മാതാദീൻ എന്ന ദളിതന്റെ സ്ഥാനം ചരിത്രത്തിന്റെ



പുറമ്പോക്കിലായിരുന്നു. മാതാദീൻ അടക്കമുള്ള ചരിത്രനായകന്മാരെ ചരിത്രത്തിന്റെ വെള്ളി വെളിച്ചത്തിലേക്ക് തിരികെ എത്തിക്കുക എന്നതു കൂടിയാണ് പുതിയ ദളിത് മുന്നേറ്റങ്ങളുടെ ലക്ഷ്യം. നിഷ്കാസിതരുടെ മുന്നേറ്റങ്ങൾ വിജയം നേടിയേ മതിയാകൂ.

**മാതൃഭൂമി ആഴ്ചപ്പതിപ്പ്,**
**20-26 മേയ്, 2018.**



# Hope Needs Help

Vandana

Manjeet Singh, 32, has been visiting the Ghaziabad employment exchange for several years now. He has not been able to find a job, despite having a master’s degree in commerce and a postgraduate diploma in management. After his diploma, he had landed a job that paid him ₹ 10,000 a month, but he quit after a few months and has since been seeking a government job. Disappointment and frustration are writ large on his face now.

Satyaprakash Tripathi, 33, has half a dozen degrees and was a university gold medallist. But, his academic achievements have not helped him find a job yet. A resident of Chhatarpur in Madhya Pradesh, he had registered with the district employment exchange in 2006. Frustrated and dejected, Tripathi now wants to start something of his own.

Unemployment among highly educated job aspirants is getting worse. “The open unemployment rate has increased from 2.2 per cent to 3.4 per cent [2011-12 to 2015-16],” says Santosh Mehrotra, professor at the Centre for Informal and Labour Studies, Jawaharlal Nehru University, Delhi. That, he says, shows that unemployment is going up in tandem with education levels. According to an *Economic and political Weekly* article by Indrajit Bairagya, assistant professor at the Institute for Social and Economic Change, unemployment rate among educated youth in India is higher than their uneducated counterparts, and the situation only gets worse with increase in the education level.

